നം.ആർ&ആർ1/45834/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 01/01/2020
E.mail: supdtrr.dge@kerala.gov.in

# സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസ വകുപ്പ് - നവകേരളം-ഉപന്യാസ മത്സരം സംഘടിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- സർക്കാർ സർക്കുലർ നമ്പർ-ജി3/662/2019/പൊ.വി.വ. തീയതി 31/12/2019

...........

നവകേരളം എന്ന വിഷയത്തെ ആസ്പദമാക്കി ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഉപന്യാസ രചനാ മത്സരം നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

## വിഷയവും സമയക്രമവും ചുമതലയും

| വിഭാഗം | വിഷയം | നടത്തേണ്ട തീയതി/സമയം | ചുമതല |
|---|---|---|---|
| ഹൈസ്കൂൾ തലം | നവകേരളം നിർമ്മിതിയിൽ കുട്ടികളുടെ പങ്കാളിത്തം | 2020 ജനുവരി 6 തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം | വൈസ് പ്രിൻസിപ്പാൾ/ഹെഡ്മാസ്റ്റർ |
| ഹയർ സെക്കണ്ടറി തലം (ഹയർ സെക്കണ്ടറി, വൊ:ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾ) | കാലാവസ്ഥ വ്യതിയാനത്തെ അതിജീവിക്കുന്ന നവകേരള നിർമ്മിതി | 2020 ജനുവരി 6 തിങ്കളാഴ്ച ഉച്ചയ്ക്കുശേഷം | പ്രിൻസിപ്പാൾ |
| സംസ്ഥാന തലം | അതാത് തലങ്ങളിലേയ്ക്ക് മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിഷയങ്ങളിൽ തന്നെയാണ്. | 2020 ജനുവരി 20,21,22 (ഏതെങ്കിലും രണ്ട് ദിവസം) | എസ്.സി.ഇ.ആർ.റ്റി |

1) ചുമതലക്കാർ സ്കൂളിലെ അതത് വിഭാഗത്തിലെ മുഴുവൻ കുട്ടികളേയും ഇക്കാര്യം മുൻകൂട്ടി അറിയിക്കുകയും ഉപന്യാസ മത്സരം നിശ്ചയിച്ച തീയതിയിൽ നിശ്ചയിച്ച സമയത്ത് നടത്തേണ്ടതുമാണ്.

2) സ്കൂൾ തലത്തിൽ കുട്ടികൾ രചിക്കുന്ന ഉപന്യാസങ്ങൾ വിലയിരുത്തി ഏറ്റവും മികച്ച ഒരു ഉപന്യാസം ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും ഒരു ഉപന്യാസം ഹയർസെക്കണ്ടറി വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കണം.

3) ഹൈസ്കൂളിൽ നിന്നും തെരഞ്ഞെടുത്ത ഉപന്യാസം വൈസ് പ്രിൻസിപ്പാൾ/ ഹെഡ്മാസ്റ്റർ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫിസർക്ക് ജനുവരി 10 നകം കൈമാറണം.

4) ജില്ലാ വിദ്യാഭ്യാസ ഓഫിസർ ഇങ്ങനെ ലഭിച്ച ഉപന്യാസങ്ങൾ ഒരു ടീമിനെ രൂപീകരിച്ച് മൂല്യനിർണ്ണയം നടത്തി ഏറ്റവും മികച്ച ഒരു (1) ഉപന്യാസം തെരഞ്ഞെടുക്കണം. ഈ ഉപന്യാസം എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് ജനുവരി 14 നകം അയച്ചു കൊടുക്കണം

5) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുത്ത ഉപന്യാസം പ്രിൻസിപ്പാൾ ബന്ധപ്പെട്ട ഹയർസെക്കണ്ടറി ജില്ലാ കോ-ഓർഡിനേറ്റർക്ക് ആർ.ഡി.ഡി.ക്ക് വേണ്ടി ജനുവരി 10 നകം കൈമാറണം.

6) ആർ.ഡി.ഡി/ജില്ലാ കോ-ഓർഡിനേറ്റർ ഇങ്ങനെ ലഭിച്ച ഉപന്യാസങ്ങൾ ഒരു ടീമിനെ രൂപീകരിച്ച് മൂല്യനിർണ്ണയം നടത്തി ഓരോ ജില്ലയിൽ നിന്നും ഏറ്റവും മികച്ച രണ്ട് (2) ഉപന്യാസങ്ങൾ തെരഞ്ഞെടുക്കണം. ഈ ഉപന്യാസങ്ങൾ എസ്.സി.ഇ.ആർ.ടി ഡയറക്ടർക്ക് ജനുവരി 14 നകം അയച്ചു കൊടുക്കണം.

7) സംസ്ഥാന തലത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ 41 ഉം ഹയർസെക്കണ്ടറി വിഭാഗത്തിൽ 28 കുട്ടികളുമാണ് പങ്കെടുക്കുക. സംസ്ഥാന തലത്തിൽ വിദ്യാർത്ഥികൾ തയ്യാറാക്കി സമർപ്പിക്കുന്ന ഉപന്യാസങ്ങൾ കുട്ടികളുടെ അവതരണം, ചർച്ചകൾ തുടങ്ങിയവയും ഉൾപ്പെടുത്തിയാകും മൂല്യനിർണ്ണയം നടത്തുന്നത്.

ഈ വിഷയത്തിൽ ഉണ്ടാകുന്ന ഏത് സംശയങ്ങൾക്കും 9895068336 (അശോക കുമാർ.ഡി, സൂപ്രണ്ട്, ആർ&ആർ സെക്ഷൻ) എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

പൊതു വിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താക്കൾ:

1) എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
2) എല്ലാ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഹയർ സെക്കണ്ടറി വിഭാഗം)
3) എല്ലാ അസിസ്റ്റന്റ് ഡയറക്ടർമാർക്കും (വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം)
4) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
5) എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും (ആർ.ഡി.ഡി/എ.ഡിമാർ മുഖേന)
6) എല്ലാ ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാർക്കും (ആർ.ഡി.ഡിമാർ മുഖേന)
7) എല്ലാ വൊക്കേഷണൽ ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാർക്കും (എ.ഡിമാർ മുഖേന)
8) എല്ലാ ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാർക്കും (ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ മുഖേന)

പകർപ്പ്:

1) ഡയറക്ടർ, എസ്.സി.ഇ.ആർ.റ്റി, തിരുവനന്തപുരം
2) എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്
3) സ്റ്റോക്ക് ഫയൽ